LIBRARY ARCHIVES Kerala Legislative Assembly

## പാർലമെന്ററി ജനാധിപത്യ സംവിധാനം

100 (2796) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്ററി ജനാധിപത്യ സംവിധാനത്തെക്കുറിച്ച് അവബോധം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും ആയതിലേക്കായി അപേക്ഷ നൽകേണ്ട രീതിയെ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഓരോ നിയോജകമണ്ഡലങ്ങളിൽ നിന്നും ബഹുമാനപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന 4 സ്കൂളുകളിൽ സെമിനാർ, രണ്ട് സ്കൂളുകളിൽ വീതം യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയും അദ്ധ്യയന വർഷാടിസ്ഥാനത്തിൽ പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടത്തിവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.മാർ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറലിന് നൽകുന്ന കത്തിൽ ശിപാർശ ചെയ്യുന്ന സ്കൂളുകളിലാണ് പരിപാടികൾ നടത്തുന്നത്.

(ബി) സംസ്ഥാനത്ത് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ നടത്തിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ മോഡൽ പാർലമെന്റ്, സെമിനാർ എന്നിവയും സംഘടിപ്പിച്ചുവരുന്നു. മോഡൽ പാർലമെന്റിൽ സംസ്ഥാനതലത്തിൽ ജേതാക്കളാകുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്റ് സന്ദർശന പരിപാടിയും സംഘടിപ്പിച്ചുവരുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

101 (2797) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ ജനാധിപത്യ അവബോധം സൃഷ്ടിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നത് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷം കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഇത്തരം പരിപാടികൾ സമയബന്ധിതമായി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ നടത്തിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ മോഡൽ പാർലമെന്റ്, സെമിനാർ എന്നിവയും സംഘടിപ്പിച്ചുവരുന്നു. മോഡൽ പാർലമെന്റിൽ സംസ്ഥാനതലത്തിൽ ജേതാക്കളാകുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്റ് സന്ദർശന പരിപാടിയും സംഘടിപ്പിച്ചുവരുന്നു.

(ബി) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) പരിപാടികൾ സമയബന്ധിതമായാണ് നടപ്പിലാക്കിവരുന്നത്.

**ഒറ്റപ്പാലം മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണം**

102 (2798) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിന് അനുവദിച്ച നിർദ്ദിഷ്ട മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ബി) നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ട് എങ്കിൽ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.